**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **05-12-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ സംസ്ഥാനത്ത് നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | **50 എണ്ണം ആരംഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**<br>**1. തിരുവനന്തപുരം - 07**<br>**2. കൊല്ലം - 02**<br>**3. പത്തനംതിട്ട - 05**<br>**4. ആലപ്പുഴ - 07**<br>**5. കോട്ടയം - 02**<br>**6. ഇടുക്കി - 03**<br>**7. എറണാകുളം - 04**<br>**8. തൃശ്ശൂർ - 08**<br>**9. പാലക്കാട് - 02**<br>**10. മലപ്പുറം - 01**<br>**11. കോഴിക്കോട് - 03**<br>**12. വയനാട് - 02**<br>**13. കണ്ണൂർ - 02**<br>**14. കാസറഗോഡ് - 02** |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൻമേൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ; | (ബി) | ഒരെണ്ണം ലഭിച്ചിട്ടുണ്ട്; ടി അപേക്ഷ ജില്ലാ സുഭിക്ഷ സമിതി അംഗീകരിച്ചിട്ടുണ്ട്. അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു; |
| (സി) | സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; | (സി) | സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിന്റെ പ്രാരംഭ ചെലവിനായി ഓരോ ഹോട്ടലിനും 10 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | വിശദാംശം ലഭ്യമാക്കാമോ? | | വരെ പരമാവധി അനുവദിക്കും. സുഭിക്ഷ ഹോട്ടലിൽ നിന്നും 20 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണൊന്നിന് 5 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കുന്നുണ്ട്. ഹോട്ടലിന്റെ നടത്തിപ്പിനായി വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, വാടകരഹിത കെട്ടിടം ലഭ്യമാക്കാത്ത പക്ഷം കെട്ടിട വാടക, ആവശ്യമെങ്കിൽ മാലിന്യനിർമ്മാർജ്ജനം എന്നിവയ്ക്കായും തുക അനുവദിക്കുന്നുണ്ട്. കൂടാതെ കിടപ്പു രോഗികൾ, അശരണർ എന്നിവർക്ക് ഉച്ചഭക്ഷണം വീട്ടുകളിൽ എത്തിച്ചു നൽകുന്നതിന് ഊണൊന്നിന് ഭക്ഷണത്തിന്റെ വിലയായ 25/- രൂപയും കൈകാര്യ ചെലവായ 5/- രൂപയും പുറമെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ADM അദ്ധ്യക്ഷനായ ജില്ലാ സുഭിക്ഷ സമിതിയുടെ അംഗീകാരത്തിന് വിധേമായി അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ